# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.604 02-04-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി
ശ്രീ.സി.കെ. നാണു
ശ്രീ.കോവൂർ കുഞ്ഞുമോൻ
ശ്രീ.കെ.ബി.ഗണേഷ് കുമാർ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

### നോട്ട് നിരോധനം സംസ്ഥാനത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാർ നടപ്പാക്കിയ നോട്ട് നിരോധനം ഏതെല്ലാം മേഖലകളിൽ എങ്ങനെയെല്ലാമാണ് സംസ്ഥാനത്തെ ബാധിച്ചത്; ഇതിന്റെ പ്രത്യാഘാതം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ; | സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പലമേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്ഘടനയുടെ 40 ശതമാനത്തിന് മുകളിൽവരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാവട്ടെ 16 ശതമാനവും അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം ഇപ്പോഴും നേരിടുകയാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റു കൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത-സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും പൂർത്തിയായിട്ടില്ല. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8ന് ശേഷം റിസർവ്വ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14ലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ്, കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ |

| | | |
|---|---|---|
| | | ഇടപെടലുകളെയും അവതാളത്തിലാക്കി. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെട്ടത് സംസ്ഥാനത്തിനുള്ള ഗ്രാന്റുകളെയും ബാധിച്ചിട്ടുണ്ട്. സാമ്പത്തിക വളർച്ചയിലുണ്ടായ ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കുകയും, തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിന് കാരണമാവുകയും ചെയ്യും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച എന്ന ലക്ഷ്യം അപ്രാപ്യമാക്കുകയും ചെയ്തു. ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ രൂക്ഷമായി ബാധിക്കുകയും ആയതിന്റെ തുടർചലനങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യവുമാണ്. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി. |
| (ബി) | സംസ്ഥാന സർക്കാരിന് ഇതുമൂലമുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ എത്രത്തോളം നഷ്ടമുണ്ടായിട്ടുണ്ട് എന്നത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നാൽ നോട്ട് നിരോധനം നടപ്പിലാക്കിയ 2016-17 ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 5437.23 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അതേ സമയം സംസ്ഥാനത്തിന്റെ നികുതി ഇതര വരുമാനത്തിൽ 1659.54 കോടിയുടെയും കേന്ദ്ര നികുതി വിഹിതമടക്കമുള്ള കേന്ദ്ര സർക്കാരിൽ നിന്നുള്ള കൈമാറ്റത്തിൽ 1908.35 കോടിയുടെയും ഇടിവ് ഉണ്ടായിട്ടുണ്ട്. നോട്ട് നിരോധനം സമ്പദ് വ്യവസ്ഥയിൽ ഏൽപ്പിച്ച ആഘാതം പൂർണ്ണമായും ദൂരീകരിച്ചിട്ടില്ലാത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിലും തുടർവർഷങ്ങളിലും വരുമാനത്തിൽ ആയതിന്റെ പ്രതിഫലനം ഉണ്ടാകും. |

അക്കൗണ്ട്സ് ഓഫീസർ